
Malabar Inscriptions.

CHINTHAMANI JOURNAL OF DR SUVARNA NALAPAT TRUST 2013.



2013

 **കുട്ടുവൻ കോത (ഒന്നാം നൂറ്റാണ്ട്)**

മദ്രാസ് പ്രസിഡൻസിയിലെ ലിഖിതങ്ങൾ (വി രംഗാചാര്യ) തെക്കേ ഇന്ത്യയിലെ ലിഖിതങ്ങൾ വാല്യം 5 ഇവയിലെ ലിഖിതങ്ങളുടെ ലിസ്റ്റ്

Ref A topographical list of Inscriptions of Madras Presidency . V .Rangacharya .Asian Education Series .New Delhi 1985 ASI Thrissur Circle ACC 2125/14/12/04	South Indian Inscriptions Vol 5 Director Epigraphy Mysore on behalf of Director General Archeological Survey of India 1986 ASI No:417/34/ASI V
General CP No:6 . 1911-12 വട്ടെഴുത്ത് .സുവരാം ദേവന്, കരുമ്പത്ത് രാമന് രവിവര്മ്മന് കോലത്ത്തിരുവടി രാജാവ്,ഇരണ്ടുതകൈ പെരുഞ്ചല്ലൂര് ഇവര് തമ്മിലുള്ള	No: 783 A R No: 219 of 1895 (pp 337-338)

ഉടമ്പടി (with collector)	MGS
കോഴിക്കോട് താലൂക്ക്	220 of 1895 No:784
1.219 (1895) വട്ടെഴുത്ത് .തൃപ്രങ്ങോട്ട് അമ്പലം (Now in collector's office) കോക്കോതൈ രവിവര്മ്മന്റെ 27ആം വര്ഷത്തെ ഭൂദാനം	Gundert Translated
2.വട്ടെഴുത്ത് തിരുവണ്ണൂര് ,തിരുമ ണ്ണൂര് തേവര്ക്ക് കേരളരാജാവ രാമന് നല്കുന്ന വിളക്കും അറുനൂ ററുവര്ക്ക് അവകാശങ്ങളും	13 of 1901 12 of 1901 Slab in Courtyard .Grand of land
3.മച്ചിന്ത (മുച്ചിന്ത)പള്ളിനാ ഗരത്തില് അറബി കര്ണ്ണാടകഭാഷക ളില്. കൂടുതല് വിവരങ്ങള് ലഭ്യമല്ല	10 of 1901 Damaged Record 2 of 1901 .Land grant
4.ചോകൂര് വട്ടെഴുത്ത് .പുത്തൂര് അംശം ചോകൂരമ്പലത്തി ന് മുന് വശത്തെ ഫലകം രവിരാജാവിന്റെ (കോതൈ ഇരവി) 15 ആം ഭരണ വര്ഷത്തെ ഭൂദാനം	Record about erection of stone in KA 801 (AD 1625)

5 മണപ്പുറം	
വട്ടെഴുത്ത്	
6.പായ്പ്പാലശ്ശേരി	
വട്ടെഴുത്ത്	
.കരിപുര	
ക്ഷേത്രമുററത്തെ	
ഫലകം.	
7. തലക്കൊളത്തൂര്	
വട്ടെഴുത്ത്	
.മതിലകത്ത്	
അമ്പലത്തിലെ	
ശില രാജനാമം	
ആരും	
വായിച്ചിട്ടില്ല	H 518 AD 1124
	Record of a tank constructed by a Hindu .
ചിറക്കല് താലൂക്ക്	
8.ചൂരാലി	
നെടിയങ്ങ്	
ക്ഷേത്രം	
	KA 700 AD 1524
9 എരമറ .	
ചാലപ്പുറം	
ജീര്ണ്ണിച്ച ക്ഷേത്രം.	KA 954 AD 1778
വട്ടെഴുത്ത്	
10 എറോണെ	
വട്ടെഴുത്ത്.	KA 825 AD 1649
ക്ഷേത്രത്തോട്	
ചേര്ന്ന കുളത്തില്	
കരിങ്കല്ല് ഫലകം.	KA 827 AD 1651
11 നേറംബില്	
ചേരിയിലെ	
കരിങ്കല്ല്പാറയില്	
വട്ടെഴുത്തും	KA 833 AD 1657
മലയാളവും	
.മലയാളത്തില്	
അടിയോടി	217 OF 1895
എന്നുണ്ട്.	
12 കണ്ണപുരം ചുണ്ട	
ഗ്രാമം	
കുറുവുകാരു	

ക്ഷേത്രത്തിന്റെ തെക്കെ വശം . കൂടുതല് വിവരങ്ങള് ഇല്ല	
13 കയരാള ഗ്രാമക്ഷത്രം ഫലകത്തില് ദേവനാഗരി	
14 കുററിയത്തൂര് ക്ഷേത്രവാതിലില് ശിലയില് അറിയാത്ത ലിപിയില്	
15 മാടായി പള്ളി അറബിക്ക് .	218 OF 1895 Incomplete inscription
16.മാടായി പള്ളി	
17 തളിപ്പറമ്പ ലക്ഷ്മീപുരം ക്ഷേത്രം കുളപ്പുര പണി തീര്ന്ന വര്ഷം .കുളപ്പുരയിലെ ഫലകം.	
18 ക്ഷേത്രത്തിന് മുന്നിലെ ആല്ത്തറക്ക് താഴെ	
19 ഏറനാട് താലൂക്ക് ഇരുവെററി മേലേടത്തിന്റെ പ്രവേശനദ്വാരം	
20 മഞ്ചേരി മുത്തുക്കുന്നു ദുര്ഗ്ഗാക്ഷേത്രത്തി	കൊല്ലം 478 എഡി 1302

ന്റെ കിഴക്കെ ചുമര് മാനവിക്രമന് പണിയിച്ചത് 21 വടക്ക് കിണറിനടുത്ത് മാനവിക്രമന് തിരുമുല്പ്പാട്	Brass pagoda
22 മണ്ണൂര് അമ്പലം തിടപ്പള്ളി വടക്കെ ചുമരിന്റെ അധിഷ്ഠാനം മലയാളം.എഡി 734 ലെ ശിവക്ഷേത്രപരാമര്ശമുണ്ട്. കൊല്ലന്താനെഴുനൂററുമുപ്പത്തിനാമെന്നാലാമതായി വൃശ്ചികേചൊല്ലെന്ന ദിവസാധിനാഥനിരുപത്തെന്നാംദിനേ നിന്നനാള് കല്ലിട്ടു മൃഗ്യരാശിംകാളാഭരാമണ്ണൂര്മഠേ മേല്ലാരാതിനികേതനേ തിമഹിതേ ശലയേസൌരൈ പിസദ്വാസരേ ശിവമസ്തു. വേറൊന്ന് കൂടി തി(റ)മടപ്പള്ളിചുവരെല്ലിടിച്ചത കന്നിയാര്പരക 23 വട്ടെഴുത്ത് അതേ ക്ഷേത്രം ശിവക്ഷേത്രപ്രവേശനകവാടത്തിന്	KA 684

<table>
<tr>
<td>
വലത്ത്.
തിരുമണ്ണൂരെ
തേവര്ക്കുള്ള
ദാനം

സ്വസ്തിശ്രീ
തിരുമണ്ണൂര്പട്ടാര
കര്ക്കു ഒരുകലം
അക്കിരം മെയ്
താന്പുല്
വാസുമംമത്തു
മുന്നാനാ...

24 നിലമ്പൂര്
സംസ്കൃതം
ധര്മ്മമഹാരാജാ
രവിവര്മ്മകദംബ
രാജാവിന്റെ
അഞ്ചാം വര്ഷം
വനവാസിയിലെ
വൈജയന്തിയില്
കാര്ത്തികാ
പൌര്ണ്ണമിക്ക് 2
പള്ളിഗ്രാമം
(hamlets)
മുല്ലാഗി,മല്ക്കാവ്
എന്നിവ
കശ്യപഗോത്രത്തി
ലെ യജുര് വേദി
ഗോവിന്ദസ്വാമിക്ക്
നല്കിയത് തല
ക്കാടിനടുത്ത്.

25 ചെറുപുര
നദീതീരത്തെ
പാറയില് 5
അക്ഷരം മാത്രം

26 പളഞ്ചനൂര്
ചാലിയം പള്ളി
തെക്കെ ചുമര്
അലി
അബ്ദുള്ളയുടെ
</td>
<td>
No: 769 Ep Indic a Vol XV pp 145 f



നിലമ്പൂര് ചെപ്പേട്
</td>
</tr>
</table>

മരണം അറബി ലിഖിതം	776 .ചെവാക്കുത്ത കരുണാകര മേനവന് വക ചെയ്യിച്ച ദീപസ്തംഭം 30 മിഥുനം 23 ന് വഴിപാട്
27 തൃക്കളങ്ങോട്ട് വട്ടെഴുത്ത് ചുമരിന്റെ അററത്ത്	777 കൊല്ലം അറുനൂറുഅയ്മ്പത്ത എട്ടാമാണ്ട് ചെമ്പിട്ടു
28 കോട്ടയം താലൂക്ക് തലശ്ശേരി തിരുവേങ്ങാടര് തിരുക്കണ്ണൂര് ഫലകം അറിയാത്ത ലിപി വായിച്ചിട്ടില്ല	
29 വട്ടെഴുത്ത് ബലിപീഠം അധിഷ്ഠാനം തിരുവങ്ങാട്ട് ,ബ്രാഹ്മണസ്ത്രീ ബലിപീഠം സമര്പ്പിച്ചു 9 of 1901	
30കുറുമ്പ്രനാട് വട്ടെഴുത്ത് ബലിപീഠത്തിനടുത്ത് ഫലകം നന്ദാവിളക്ക് സമര്പ്പണം 8 of 1901	
31 കിണാലൂര് ക്ഷേത്രത്തിന് മുമ്പില് 2 നന്ദാവിളക്ക് 14 of 1901	778
32 കൊല്ലം വട്ടെഴുത്ത് 3 ശില (നിലത്ത്) ജുമാമത്ത് പള്ളിയുടെ കുളത്തി നടുത്ത്	779 കൊല്ലം ....ആമത് മകരഞായിററില് പെ(ര)പലത്ത് നീലകണ്ടന് തീര്ത്തു. 780 UNINTELLIGIBLE എന്നെഴുതിയിരിക്കുന്നു.

പള്ളി മാലിക് ഇബനു ദീനാറുടേതാണ് 3 OF 1901 33 വട്ടെഴുത്ത് തളിക്ഷേത്രത്തിന് മുമ്പിലെ പ്ലാററുഫോമില് 2 ശിലകളില് .4 of 1901 .Damaged records 34 വട്ടെഴുത്ത് മരലൂർ അമ്പല ത്തിന്റെ നിലത്ത്.മരവൂരും മററ് 4 ഇല്ലങ്ങളും പരാമർശിക്കുന്നു. 5 of 1901 Mutilated 35 വട്ടെഴുത്ത് കൊയിലാണ്ടി പന്തലായിനി ക്ഷേത്രമുററം പന്തലായിനി എന്നുണ്ട്.രാജനാമം അവ്യക്തം. 6 OF 1901 36 തിരുവാങ്കൂറ് ,തിരുവേങ്കയൂർ വട്ടെഴുത്ത് അമ്പലത്തിന്റെ തെക്കെ പാറയില് . രാജനാമം വായിച്ചിട്ടില്ല. 15 OF 1901 37 7 OF 1901 വെള്ളിക്കുളങ്ങര ക്ഷേത്രം സംസ്യതം ബലിപീഠത്തി	770 കൊല്ലം 1048 ആമത് തുലാം 30 ന് പുതുക്കുളംകരെ ശിവം വഴിപാട് ദീപസ്തംഭം ഷാരത്ത് രാഘവപ്പിഷാരടി 772 773 774 775 771 നെരുപ്പു പൊതകമും കരങ്കല് പണിക്ക്ററുട വളിപാട് സ്വാമിക്ക് ഇ

നടുത്ത് .**ഉദയവര്മ്മന് ഘടോത്കച വംശജനെന്നുണ്ട്**. കൊല്ലം 905 (1730) 38 പാലക്കാട് താലൂക്ക് കല്പ്പാത്തി വട്ടെഴുത്ത് വിശ്വനാഥക്ഷേത്രത്തിന് മുമ്പില് 205 of 1895 AD 1464 (Mr Sewell) AD 1425 (Malabar Gazetter) ഇട്ടിക്കോമ്പിരാജാ 4000 പറ നെല്ലു വരുന്ന ഭൂമി നല്കി ,ക്ഷേത്രവും നിര്മ്മിച്ചു. 39 കാവശ്ശേരി വട്ടെഴുത്ത് കാവ് ക്ഷേത്രത്തിലെ ഫലകം ഡെപ്യൂട്ടി താസില്ദാര് ആലത്തൂര് ഓഫീസില് . 561 of 1908 40 . പറങ്ങാട്ടിരി ദേശം വട്ടെഴുത്തു് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം .11 of 1901 Damaged 41 പൊന്നാനി താലൂക്ക് അന്നകര ശിവക്ഷേത്രത്തിന് മുമ്പിലെ ദീപ സ്തംഭത്തിന് താഴെ മലയാളം 212 of 1895	

42 വട്ടെഴുത്ത് കൊല്ലം 858ല് ക്ഷേത്രം ചെമ്പ് പൊതിഞ്ഞ രേഖ South wall of central shrine 213 of 1895 43 ചാവക്കാട് വട്ടെഴുത്ത് 5ആം വരിയില് വള്ളുവനാടും 14ആം വരിയില് പാലയൂരും വരുന്നു.734 of 1905.Slab under tree Deputy Tahsildar's office. 43 A . ഗുരുവായൂര് ഇരുനില ഗോപുരത്തിന്റെ മുന്നിലെ ഫലകം. സംസ്യത,മലയാള ലിപി ക്ഷേത്രം സ്വര്ഗ്ഗം, ഗോപുരം കുന്നലക്ക നുണ്ടാക്കി,ക്ഷേത്ര ത്തില് അനേകരാ ജാക്കളുടെ പാദം പതിഞ്ഞിട്ടുണ്ട്. 43 B ദീപസ്തംഭത്തില് .തിരുവിതാം കൂറിലെ ഒരാള് കൊല്ലം 1011 എഡി 1836 ല് സ്ഥാപിച്ചു, 43 C .Broken slab of Granite . മല്ലി ശ്ശേരി നമ്പൂരിയുടെ വീട്ടില് .അറിയാ ത്ത ഭാഷ 43 D ആറാട്ടുകുളത്തി ന്റെ കരിങ്കല്ലു	

വാതിലിന്റെ പോസ്ററില്. പണിക്ക വീട്ടില് ഇട്ടിരാരിച്ചമേനോന് കൊല്ലം 922 എഡി 1742 ല് . 44 പന്നിയൂര് വട്ടെഴുത്ത് വരാഹ മൂര്ത്തിക്ഷേത്രത്തിന്റെ വടക്കെ വാതിലിന് വലത്ത്. പന്നിയൂര് ഗ്രാമ വാസികളുടെ ദാനം. 214 OF 1895 45 വട്ടെഴുത്ത് കുണ്ടില് വരാഹം കൊല്ലം 669ല് പണിതു 215 OF 1895 46 മലയാളം ശിവക്ഷേത്രത്തിനടുത്ത കിണറിനടുത്ത് ശിലയില്.മലയാളം 216 OF 1895 47 ചമ്രവട്ടം അയ്യപ്പന്റെ ദീപസ്തംഭത്തിന് താഴെ 206 OF 1895 കൊല്ലം 108 48 ശുകപുരം 208 of 1895 ദക്ഷിണാമൂര്ത്തി ക്ഷേത്രം വടക്കെ വരാന്തയിലെ കല്ലില്	

ചോകിരത്ത് ഒരു വിളക്കുദാനം 49 വട്ടെഴുത്ത് 209 of 1895 Base of second pillar of platform 50 base of first pillar 210 of 1895. വട്ടെഴുത്ത് 51 വട്ടെഴുത്ത് 211 of 1895 .Stone built into pavement of courtyard .Gift of lamp and land 52 വേരൂര് സുബ്രഹ്മണ്യക്ഷേത്രം ..തമിഴ് .മണ്ഡപത്തിലെ തൂണില് .207 of 1895 53 A. അങ്ങാടിപ്പുറം തിരുമാന്ധാം കുന്ന് ചെമ്പ്പൊതിഞ്ഞ ക്ഷേത്ര ത്തിന്റെ ഉത്തരത്തില് എഡി 1732 ല് 53 B കിള്ളിക്കുറിശ്ശി ശെക്കമംഗലം വട്ടെഴുത്ത്. ശിവക്ഷേത്രത്തിന്റെ മണ്ഡപത്തിന്റെ തെക്കും പടിഞ്ഞാറും ഭാഗത്ത് 54 മങ്കട മണിയോട്ടി വിഷ്ണു	

വട്ടെ ഴുത്ത് കരിങ്കല്ല് ഫലകം 54 A ഒററപ്പാലം ശിവവിഷ്ണു (ശങ്കരനാരായണ). അറിയാത്ത ഭാഷ 55 പംഗ .ഒരു പാറ മേല് കൊല്ലം 934 എഡി 1758 56 വയനാട്ടാലൂക്ക് ഗണപതിവട്ടം നാലാപ്പാട്ട് ചാല ക്കുന്നു് കുന്നില് പഴയതമിഴില് . വായിച്ചിട്ടില്ല 57 ഗണപതിയുടെ ദീപസ്തംഭത്തില് 58 മാരിയമ്മക്ഷേത്ര ത്തിന്റെ വടക്കെ മുററം 59 പൂതാടി അരിമൂല അയ്യപ്പക്ഷേത്രമ ണ്ഡപത്തിന്റെ കിഴക്കെ ചുമരില് കൊല്ലവര്ഷം 922 എഡി 1746 .നാലു ഭാഷകള് ചേര്ന്നത്. 60 പാതിരി ക്ഷേത്രം പാതിരി നഞ്ചയ്യഗൌഡര് കര്ണ്ണാടകഭാഷ .സുല്ത്താന് ബത്തേരി ഗണപതിവട്ടം	എന്റെ വായന- അഥ അര്ക്ക ഉത്ഥം സത്സംഗപട്ടണഥി 5,3, ഐക്യത വയ്യഥാ മതലഗഥ് അട്ടണര്(ഐംകുണര്), തണല്അന്തണര്,മൂത്തണര്,അംശവക്താര്,അഷ്ടാംഗഖ ണ്ഡംഐന്തയ്യ്മൂന്റ്,അഥപാണഭ,ഉപ്പളഉമ്മണര്,എണ്ദി ക്ക് കച്ചം അബ്ദപ്പണ്ഢിക-ധനതിരു സഞ്ചി

61-64 ഗുഹാലിപികള് .കുഡുംബീയശ്രീ വിഷ്ണുവര്മ്മന്റെ ലിഖിതം ഒന്നാമ ത്തേത്.എപ്പിഗ്രാ ഫിക് റിസര്ച്ചില് മലബാറിലെ ഏററം പഴക്കമുള്ള രാജാവാണ്.കദംബ വംശം. സംസ്കൃതലിപി. 5ആം നൂററാണ്ടിന് മുമ്പാവില്ല എന്ന് എഴുതിക്കാണുന്നു 120-123 of 1897 65 അതേ സ്ഥലം കര്ണ്ണാടകം ശ്രീദേ അന്നു തുടക്കം . 124 OF 1897 66 തിരുനെല്ലി ഭാസ്കരരവിവര്മ്മന് തമിഴും വട്ടെഴുത്തും.സാമ ന്തനായ പുറൈക്കിഴൈനാ ട് ശങ്കര കോതവര്മ്മനാണ് ശാസനം കൊടുക്കുന്നത് CP Grant 67	

68	
69	
70	പേജ് 338. No:785 AR No:221 of 1895 മദ്ധ്യത്തിലെ പ്രവേശനദ്വാരത്തിന് വലത്ത് ഒന്നാം പ്രാകാരത്തില് വടക്കുന്നാഥക്ഷേത്രത്തില്
71	786 വടക്കുന്നാഥന് ഗണപതിയറ AR 222 Of 1895
72	788 AR 224 OF 1895. കൊച്ചി സംസ്ഥാനത്ത് പാറോല ക്ഷേത്രത്തിനടുത്ത പാറ
73	വടക്കുന്നാഥന് മൂലസ്ഥാനം അധിഷ്ഠാനം AR 223 of 1895
	789 AR 225 of 1895 തിരുവഞ്ചിക്കുളം പടിഞ്ഞാറെ പ്രവേശനദ്വാരം
74	
	790 AR 226 1895. തൃക്കുലശേഖരപുരം വിഷ്ണു പ്രവേശനദ്വാരം
75	
	791 AR 227, 1895 അതേ ക്ഷേത്രം മുററത്തെ ശില

	പന്നിയങ്കര സോവനീര് മലബാറ് മഹോത്സവം 272-273 എം ജി എസ്. കോട്ടക്കല് തിരുവെങ്കടക്കോട്ടക്കു(ശിവക്ഷേത്രം)സമീപം പൊന്മല ലിഖിതം

ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നത് പലപ്പോഴും ക്ഷേത്രങ്ങളിലെ രേഖക ളും ശാസനങ്ങളുമാണ്. 1000 എഡിയിൽ ജയമാനി മൂഷകന്റെ കാലത്ത് 24 ബ്രാഹ്മണർക്ക് സമ്മാനം നൽകിയ രേഖകളുണ്ട്. . പെരുവനത്ത് 7, അവിട്ട പുത്തൂരിൽ 6, വൈക്കത്ത് 5, ഇരിഞ്ഞാലക്കുട 4, പരവൂരില് 2. 1168ലെ കിളിമാനൂർ ചെപ്പേടിൽ 8 പ്രധാന അഗ്രഹാരങ്ങളിൽനിന്ന് തിരുപ്പാൽക്കടൽ ക്ഷേത്രത്തിലെ ദാനത്തിനായി പണ്ഡിതരെ തെരഞ്ഞെടുത്തതായി കാണുന്നു. വൈക്കത്തിനും അവിട്ടപുത്തൂ രിനും പകരം മൂഴിക്കളവും ഐരാണിക്ക ളവും ചെങ്ങന്നൂരും തിരുവള്ളവാലും ആറന്മുളയുമാണ് കാണുന്നത്. ഇത് 168 വർഷകാലം കൊണ്ട് ഉണ്ടായ മാറ്റത്തെ കാണിക്കുന്നു.


കണ്ണൂരിലെ ലിഖിതങ്ങൾഃ-

1 പെരളശ്ശേരി 12 വരി

1. ത്രാതക്കണ്ണൂരുന്നേകാകൃതിപാലപത്തെ നാമവാചം നില-
2. വമാവനീപാലകൃതാലകീലഗ്നിവർമ്മ നാമാവനീശ
3. സ്വാമിനാഃദിതീം പ്രധാനസ്വീയമാനേകപ്രശസ്തിപുരാതിശയ
4. വിയ്യമാലവദേവഭൂപാലഃതീകസംവത്സരശ്രാവിദ്ധത്രാത്രവാസ-
5. ദുരുവലം ശകേന വത്സരാ സുമാദപദ്മാസി ശുക്ലപ്രതിപദ

6. ദിനാനി വാ താരണീം വിദ് ത്രായാമനേകദാനവിനോദപുരുക്കം (ഷ്ഷം)പണ്ഡിത
7. ജംബുതംശേ കോ രമ്യേ കേരളകുലസംഭവസ്യ നാരായണായ കരി-
8. പുലമേരവത നാട്യകഥാ(ചിത്രകൂട) കുന്ദനാട്ടവിഷയാന്തപ്രഭുനാ (പശുനാവഫണീദർക്കസ്യചിത്രകൂട കുടപനാട്ടവിഷയ
9. രാത്രിവരകല്യാണ്യായാദ് ദിക് കർത്താരിത്ഥ സഡുപനാം മർത്ത്യപക്ഷിഏകകണ്ഠ്യായാത് (ദിക്ക്ർത്താരിത്ഥസാഡുപാമാത്യപതിക)
10. തടാകാരാമാദീനാം
11. പദാർപ്പിതതദ്ദമെന്നപതിവർഷക
12. യഥാമാർഗ്ഗ വിപണനാപായ..... ഉരുവലം ശകം

എന്ന വർഷമാണ് ഇവിടെ തരുന്നത്. ഉരുവലം സമുദ്ര മാണ്. ഭാരതവർഷത്തെ വലംവെക്കുന്ന കടൽ. പെരുവലശ്ശേരിയാണ് പെരളശ്ശേരിയെന്ന സ്ഥലനാമമായത്. സമുദ്രം ഉണ്ടായി നാരായണൻ അതിൽ ശയനം ചെയ്യാനാരംഭിച്ച ശേഷം 20626 വർഷം കടന്നുപോയ ശേഷമാണ് പെരളശ്ശേരി എന്ന സ്ഥലമുണ്ടായത് എന്ന് പറയുന്നു.



ആശ്രാമം ചിറയിലെ ലിഖിതം

ശുഭമസ്തു കൊല്ലം എഴുനൂറ്റാമാണ്ടു മീനവ്യാഴ മകരമാസം മൂന്നുമാങ്കിയാക്കി അസ്തമിച്ച വൃശ്ചികം രാശി കൊണ്ട് ആശ്രാമത്തു ചിറ

പടുത്തുതീർന്നു. പുണ്യാഹം ചെയ്തു അന്നേക്കലിവാക്യം ദുഗ്ദ്ധം ശുദ്ധിഹേതുകം. ഇതി ശിവം.
സംപതൻദേഹജാലാനി കദാചിതിഹ മാനുഷ്യം ബ്രാഹ്മണ്യം ലഭതേ ജന്തു
തത്പുത്രപരിപാലയ ദ്വാരാണി യസ്യ ചത്വാരി സുഗുപ്താനി മനീഷിണഃ
ഉപസ്ഥമുദരം പാനീ വാക്ചാതുർത്ഥീ ച സ ദ്വിജഃ
വൃത്തം യത്നേന സംരക്ഷേത് വിത്തമേതി ച യാതി ച
അക്ഷീണോ വിത്ഥാഃ ക്ഷീണോ വൃത്തസ്തു തജ്ജതാ
സ്ഥാപയദ്ധ്വാമിമം മാർഗ്ഗം പ്രയത്നേനാപി ച ദ്വിജഃ
സ്ഥാപിതേ വൈദികേ മാർഗ്ഗേ സകലം സുസ്ഥിതം ഭവേത്
യേ പാപേഭ്യഃ പാപതമാസ്തേഷാമധമ ഏവ സ
ബ്രാഹ്മണ്യം യോവജാനീതേ ദാനം പ്രാപ്യ സുദുർല്ലഭം
യസ്തു സ്ഥാപയിത്വം ശക്തോ ന കുര്യാൻ മോഹിതോ നരഃ
തസ്യ ഹന്താ ന പാപീയാനിതി വേദാന്തനിശ്ചയഃ(കർത്താര കാണ്വീയാ പാർപ്പിനിയാരിതി)
3484811 എന്നത് 1184843 .366 കൊണ്ട് ഹരിച്ചത് 3236 വർഷം 167 ദിവസം. പാപ്പിനിവട്ടം ഗുരു കണ്വനാണ് ആദ്യകലശം ചെയ്തത്. 1625ൽ ശുദ്ധികലശം ആവർത്തിച്ചത് ആദ്യത്തെ മലയാളഗദ്യഭാഗത്ത് കാണുന്നു അന്ന് മീനവ്യാഴം മകരരാശി, വൃശ്ചികലഗ്നം. എഡി 134ൽനിന്ന് 1491 വർഷം കഴിഞ്ഞ്. 1625ൽ പെരുവനം ഗ്രാമം ചിറ്റൂർ നമ്പൂതിരിപ്പാട് തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രത്തിലെ ക്ഷേത്രം സമുദായിയാണ്. ഇതിനെക്കുറിച്ച് മദ്രാസ് പ്രസിഡൻസി മലബാർ ലിഖിതം പറയുന്നത് കൊല്ലം 700 (എഡി 1124) എന്നാണ്. 700നോട് 825 കൂട്ടിയാൽ വരിക 1124 അല്ല .
ആശ്രാമം ചിറ ആദ്യം കെട്ടിയത് ശതസോമ,അഗസ്ത്യകാലത്താണ്. ചെല്ലൂർനാഥോദയം ചമ്പുവിൽ നീലകണ്ഠകവി ഇത് പറയുന്നുണ്ട്. (ശ്ലോകം 106).അഗസ്ത്യന്റെ കമണ്ഡലുവിൽനിന്ന് ഒഴുകിയ അരുവിയാ യിരുന്നു ആദ്യം അത്. ശതസോമൻ അതിന്നു കിഴക്ക് മനോഹരമായ തളിപ്പറമ്പ് നഗരം ഉണ്ടാക്കി. നിരവധി വ്യാപാരസ്ഥാപനങ്ങൾ അവിടെ ഉയർന്നുവന്നു,ശ്രീസമൃദ്ധമായി. കുംഭോദരനും അറവത്ത് നാഗഉപദേവ തയും അവിടെ വാസമുറപ്പിച്ചു. അറം എന്നാൽ ധർമ്മം. ഈ ഉപദേ വതക്ക് കയ്യിൽ ത്രിശൂലവും കപാലവുമുണ്ട്. അവരിൽനിന്ന് മഹാദേ വൻ ശതസോമന്റെ നഗരത്തിന്റെ വിശേഷങ്ങൾ കേട്ടറിഞ്ഞു. നിറയെ മലകളും രഹസ്യഗുഹകളുമുള്ള ഈ ഭൂഭാഗത്തെ ആദിമനിവാസികൾ അറവത്തു നാഗങ്ങളെന്ന ഭൂതഗണങ്ങളായിരുന്നു. അവരാണ് ഗുഹകളി ലും മലയിടുക്കുകളിലും കൂടി വ്യാപാരമെല്ലാം മൂഷകവംശത്തിനു മുമ്പേ ഇവിടെനടത്തിയിരുന്ന സഞ്ചാരിവർഗ്ഗം. അതിനാലാണ് ഇപ്പോഴും രാജരാജേശ്വരനെ വന്ദിക്കുന്നതിനു മുമ്പ് ഇവിടത്തെ ആദിമവാസിക ളായ അറവത്ത് നാഗങ്ങളേയും അവരുടെ തലവനായ ഭൂതനാഥൻ


കുംഭോദരനേയും വന്ദിക്കുന്നത്. ഇത് ഏറ്റവും പുരാതനമായ ചരിത്രാതീതകാലത്തെ നാഗവംശീയരായ കേരളത്തിന്റെ സാധുതയുമാണ്.

2. ഹരിശ്രീ ഗണപതയേ നമഃ അവിഘ്നമസ്തു. ഹരിഭജ. രവി ത്രികോവിലപ്പന്റെ തിരുവുള്ളത്താൽ ഇരുവെങ്കിട്ടനാട്ടാണ്ട ബലനൃഭ-രപ്രവൃത്തിയിന്റി നിത്യവിചാരയാഴ്പ്പാണരിപ്പുലവരിൻ പുരുത്തിരിക്കന്തൻ ശേഖരന കൊല്ലം തൊല്ലയിരത്തെൻപാതുനാലായിരത്താണ്ടു ചിത്തിര മാസം പതിനൊന്നിനാൽ വെട്ടിച്ച അരവരശു തം പ്രാപിത്തു നമശിവായ ശുഭമസ്തു.



ഹരിയെ ഭജിക്കുന്നു. രവി തൃക്കോവിലപ്പന്റെ (രാജരാജേശ്വരനെ സൂര്യനും ശിവനും വിഷ്ണുവുമായി-ശങ്കരനാരായണൻ- ഭജിക്കുന്നുണ്ട്). തിരുവുള്ളത്താൽ രണ്ട് വെങ്കനാട്ടുകളേയും ഭരിക്കുന്ന വല്ലഭചക്രവർത്തി നിത്യവിചാരേശ്വരയാഴ്പ്പാണപ്പുലവർ (പണ്ഡിതകവി).അദ്ദേഹത്തിന്റെ ഇളയ താവഴിയിലെ (ഇളയ പുത്രത്താവഴി) കന്തൻ ശേഖരൻ കൊല്ലം 986 ചൈത്രമാസം 11 ന് (ഫ്വ്വംവ്വ) ഈ അറവറസുത്തം കെട്ടിച്ചു(പുനരുദ്ധരിച്ചു). മദ്രാസ് പ്രസിഡൻസി ലിഖിതം(പേജ് 1042) ഇതിനെക്കുറിച്ച് 954 കൊല്ലം എഡി 1778 എന്ന് പറയുന്നു. അത് ഹൈദരാലികാലമാണ്. അക്കാലത്ത് ഒരു ശുദ്ധികലശം നടന്നിരിക്കാം.
പെരുമ്പടപ്പ് ഗ്രന്ഥവരിപ്രകാരം 4183 വർഷമായി തിരുനാവാമാമാങ്കം നടന്നുവരുന്നു. 1775 വരെ അതിൽ പെരുമ്പടപ്പുരാജവംശത്തിന് പങ്കുണ്ടായിരുന്നു. മദ്ധ്യദേശത്തെ (കേരളത്തിന്റെ) ഭരണാധികാരികൾ അന്നും അവരാണ്. മാമാങ്കത്തിലെ അവകാശം പെരുമ്പടപ്പിനു നഷ്ടമായി വെറും 3 വർഷം കഴിഞ്ഞാണ് ഈ ലിഖിതകാലം. 1775ൽത്തന്നെയാണ് പെരുവനം പൂരത്തിന് പ്രസിദ്ധി നഷ്ടപ്പെട്ടതും.

ആദിപെരുവനം കടവല്ലൂരും കാട്ടകാമ്പാലും വെള്ളാരപ്പള്ളിയും കേന്ദ്ര മാക്കി ഘടോത്കച(ഭീമ,വല്ലഭ)വംശം നടത്തിയിരുന്നു. രണ്ടാം പെരു വനം പൂരം ബിസി 2308ൽ തുടങ്ങി. 580ലാണ് ഇപ്പോഴത്തെ രീതിയിൽ അത് പരിഷ്കരിച്ചത്.1778ൽ മൂഷകവംശ,കോലത്തിരി സമ്പ്രദായത്തി നെ പുനരുദ്ധരിക്കാനുള്ള ശ്രമത്തിലാണ് ഈ നവീകരണം നടന്നിരിക്കു ക. നിത്യവിചാരേശ്വരം തളിയിലെ യാഴ്പ്പാണരുടെ സാന്നിദ്ധ്യം ഇവി ടെ കാണുന്നു. അദ്ദേഹം വല്ലഭവംശമാണ്. ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ നാമമാണത്. കന്തൻ ശേഖരനെന്നത് തലപ്പള്ളി,തെക്കൻകോലത്തിരി മൂഷകവംശത്തിലെ ആദിനാഗവംശമാണ്(അറവത്ത്). ഏതാണ്ട് ഇതേ കാലത്ത് 20 ആചാര്യന്മാർ കൂടി വരക്കലിൽ വെച്ച് സാമൂതിരിയുടെ പാപം നീങ്ങാനായി ശുദ്ധികലശം നടത്തിയിട്ടുണ്ട്.



തൃച്ചംബരവും കാഞ്ഞിരങ്ങോട്ട് വൈദ്യനാഥനും

1. ശ്രീപിപ്പലൌപലയ പഴബടവീട ഹലമ്മഗജ്ജപഥ ദധീരുലധൌ ഖേരയപ്പ വലപംപാടപ്പഗ പദഗാല ഔ-രപ്പപൂപ നനഗപമദ(അപൂർണ്ണം) ശ്രീപിപ്പലഉപാലയമെന്ന പഴയ വടക്കേ വീട് (പഴവീട് അഥവാ ഹാലെബീഡു). മദഗജങ്ങളുടേയും ഹല(കലപ്പ, ഹലശതകർണ്ണി) ങ്ങളുടേയും ധീരന്മാരുടേയും നാട്ടില്ഞങ്ങൾ ഖേരയപ്പ(കേരളപ്പ)നായ വലഭംപാടപ്പഗാരുവിനെ എല്ലാ


വിഘ്നവും നീങ്ങാനായി വഴിപെ ടുന്നു. മഴൂരിലെ ബലരാമനുള്ള സ്തുതിയുമാവാം (ഹലം ധരിച്ച വൻ).

2. കാഞ്ഞിരങ്ങാട്ട് സ്ത്രീകൾക്കുമാത്രം ബലിതൂകാനുള്ള കല്ലിൽ നിര വധി ചിത്രപടങ്ങളും ഒരു ചെറിയ ലിഖിതവുമുണ്ട്. രാജരാജേശ്വര കന്ത പാണ്ഡ്യരായ വലല ശേഖര നാഗപ്പള്ളി എന്നാണ് ലിഖിതം. ക്ഷേത്രത്തിന്റെ ഈശാനകോണിലുള്ള ചെറിയ ലിംഗത്തിനു മുന്നി ലാണിത്. ഈ ലിംഗത്തിന്റെ യോനിക്ക് വളരെ ആഴമുണ്ട്. ഇതുവരെ അളക്കാനായിട്ടില്ല. വഞ്ചി,ഹംസം,വ്യാളി, ഗരുഡൻ, നാഗമെന്നിവ ചിത്രലിപിയിൽ കാണുന്നു.



3. ഹംപാ ഔംന്ധ പമ്പാപളീപ്പ തതിഹർത്ത്യഹ ഔംന്ധ്രപ്പള്ളി, പമ്പാപ്പള്ളി ഇവയുടെ നാഥനായ ദുഖനാശകൻ. ഔംണ്ഡ്രം ഒറീസ്സയുമാണ്, കേരളപര്യായവുമാണ്. പമ്പ കേരള ത്തിലെ നദിയാണ്. തുംഗഭദ്രാപര്യായവുമാണ്. ചേദിയിൽ മൂഷക വംശം ഭരിച്ചിരുന്നു. അക്കാലത്ത് മദ്ധ്യേന്ത്യയും ദക്ഷിണേന്ത്യയും ഒരേ കൊടിക്കീഴിലാണ്.
4. ഹംപാ (ഹംപി,പമ്പാ)ഘടം വഴല (വഴുമി, വലഭ) ഋഷി ബക ഉക്തം, തഥാ കേരളഋഷഭം.

5. ശിംശുമാരാകൃതിയുള്ള ഒരു ചിത്രലിപി. അതിന്മേൽ നിരവധി ബ്രാഹ്മി ലിപികളുണ്ട്. വല്ലഭ എന്ന നാമം വായിക്കാനാവുന്നുണ്ട്.



6. വല്ലപ്പള്ളിച്ചനാകത്താരു കാങ്കിൽ സുബ്രഹ്മണ്യ
വല്ലഭപ്പള്ളിസംഘത്തിലെ നാഗത്താർ കാങ്കിൽ സുബ്രഹ്മണ്യ. കാങ്കിൽ വിഷ്ണുവിന്റെ ആദ്യാവതാരവും സാംഖ്യകാരനുമായ കപിലനു മായി ബന്ധപ്പെട്ടതാണ്. സംസ്കൃതത്തിലെ കലഖിലമെന്ന തീർത്ഥ മാണ് കാങ്കിൽ. കൃതയുഗത്തിൽ എല്ലാ തീർത്ഥവും പുണ്യമാണ്. ത്രേതായുഗത്തിൽ പുഷ്കരം മാത്രമാണ് പുണ്യതീർത്ഥം. ദ്വാപര ത്തിൽ കുരുക്ഷേത്രവും കലിയിൽ ഗംഗയുമാണ്. കലിയുഗത്തിൽ ഗംഗയിൽ എവിടെച്ചെന്നു കുളിച്ചാലും കുരുക്ഷേത്രസ്നാനഫലം കിട്ടും. കനഖലയിലൊഴികെ. (കനഖല കുരുക്ഷേത്രമല്ല എന്ന് ഈ വാക്കുകളിൽനിന്ന് അറിയാം) കാങ്കിലാവാനാണ് സാദ്ധ്യത. കപിലൻ മൂഷകയാദവവംശത്തിൽ, വിഷ്ണുവിൽനിന്ന് ആറാമത്തെ തലമുറയാണ്.

വടുകേശ്വരം അരോളി
നാലു സ്ലാബുകളിലായി ലിഖിതം.

ശ്രീവടുകന്തനാഗപ്പള്ളി ഓം.
ശ്രീം ഹ്രീം വടുകന്തനാഗപ്പള്ളി
ശ്രീവല്ലഭശകപലം വ്യാഴം ദലലഖരഹംപാണ്ഡ്യഗാരലുട
നൃത്തലപ്പല്ലപമൂന്തിനാടിജ്ജലൌക വലപം പംപാഗശവലഭ
തത്തപാകത്തമ്മ തലവപ്പാണ്ഡ്യ.
ഋതനും ഐംതണിപ്പന്താലേച
പദദ്ദപ്പങ്കിയണ്ണൻസംഗമേലപ(വേലപ)ദ്ദംക്രൂരു
തപ്പത്തണ്ഡംവൌദ്രഗംഭീരം ഗതദലപി കരത്രി ദം ഗേരളപ്പംദിത്തം
ദപദം ഞേലംതനപുട്ടം
വടുകനാഗപ്പള്ളി എന്നാണ് വടുകേശ്വരം തളിയുടെ ആദ്യനാമം. ശ്രീം ഹ്രീം എന്നത് ശ്രീദേവി,ഭുവനേശ്വരിമാരുടെ താന്ത്രികബീജമന്ത്ര മാണ്.

Sreevalabhasaka palam vyazham dalalakharahampaa Ndyagaraludanrithalappallapamoonti Naadijjaloughakhalabhampampaaghatava	Thanumainthaanipandale Chappadaddhappangiya	Dam gerala Pamdithamdapatham (Pictograph)
Lapathathapaakathammatha Lavappaa Ndya	Ddamkroorutappatha Dappathamthada Ddampoundrahampiram Gathatalapikarthru	Njelam thanam pudpam (Pictographs)

കാലഗണന ശ്രീവല്ലഭ(വിഷ്ണു)ശകമാണ്. ദലലഖരഹംപാ 3332281. തിരിച്ചിടുക 1822333. 4979 വർഷം 19 ദിവസം. ദലം അക്ഷൌഹിണി പ്പടയുടെ ഒരു ഭാഗം. ആഖുരഥൻ മൂഷകവാഹനൻ. മൂഷകവാഹനനായ ഗണപതി മൂഷകപ്പടയുടെ ദലപതി(ദളപതി). പംപാദളത്തിന്റെ പതി പാണ്ഡ്യഗാരു (പാണ്ഡ്യൻ.ഗാരു തെലുഗിലെ ബഹുമാനസൂചകപദം). പാണ്ഡ്യഗാരുലുടെ അധീനതയിലാണ് മൂഷകപ്പട. ഞേലം താനം പുടപം 1310130. 3579 വർഷം 216 ദിവസം. (1401 വർഷം പൂർത്തിയാവാൻ 17 ദിനം) ബിസി 8883ലാണ് മാന്ധാതാവും മുചുകുന്ദനും രാജരാജേ ശ്വരം ക്ഷേത്രപ്രതിഷ്ഠ നടത്തിയത്. മാന്ധാതാവിന് 4979 വർഷം 17 ദിനം കഴിഞ്ഞ് ശതസോമൻ. വടുകവർമ്മകാലത്താണ് വടേശ്വരപ്രതി ഷ്ഠ.ബിസി 2504. മൂഷകവംശത്തിലെ 43ആം രാജാവാണ് അദ്ദേഹം.
ഇപ്പോൾ പെരളശ്ശേരി.രാജരാജേശ്വരം,വടുകേഷ്വരം തളിയിലെ ലിഖിത പ്രകാരം നമുക്ക് കിട്ടുന്ന കാലഗണനഃ-

1. വിഷ്ണു ഉതിർപ്പെരുവലം കടലിൽ ഉറങ്ങാനാരംഭിച്ച് 20626 വർഷം കഴിഞ്ഞു. അന്നുമുതൽ കേരളത്തിലെ ഭാഗവതസമ്പ്രദായം തുടങ്ങി. അതിനാലാണ് വാസുദേവപുരം കണ്ണനും, അറവത്ത് നാഗത്തിനും

ആദ്യപ്രണാമം ചെയ്തശേഷം രാജരാജേശ്വരപ്പെരുമാളിന് (മൂഷക) വന്ദനം ചെയ്യുന്നത്.

2. മാന്ധാതാവും മുചുകുന്ദനും നിർമ്മിച്ച തളിപ്പറമ്പും രാജരാജേശ്വര ക്ഷേത്രവും (8883 ബിസി) മണ്ണോടു മണ്ണടിഞ്ഞ സ്ഥലത്താണ് ശതസോമൻ രാജരാജേശ്വരനെ പ്രതിഷ്ഠിച്ചത്. 3904 ബിസി.
3. വടുകേശ്വരം തളി. ബിസി 2504 വടുകവർമ്മൻ
4. എഡി 134ൽ ആശ്രാം ചിറയിലെ ആദ്യത്തെ ശുദ്ധികലശം
5. 13ആം നൂറ്റാണ്ടിൽ സാമൂതിരിയുടെ മരണത്തോടനുബന്ധിച്ച ശുദ്ധികലശം
6. 1624. ആശ്രാമം ചിറ നവീകരണവും ശുദ്ധികലശവും
7. 1809ൽ ചിറയിലെ ഫലകം (അറവറസുതം പ്രാപ്തം) സ്ഥാപിച്ചു.

വൈഷ്ണവമൂഷകസോമവംശി

1. വിഷ്ണു 2. ബ്രഹ്മാ 3. കായാഭിധ 4. സ്വായംഭുവമനു,ശതരൂപ 5. ദേവാഹൂതിയും കർദ്ദമപ്രജാപതിയും 6. കപിലൻ, 9 പെൺമക്കൾ,അവരിലൊരാൾ അനസൂയ 7. അനസൂയ,അത്രി .മക്കൾ ദത്തൻ, സോമൻ, ദുർവ്വാസാ, കശ്യപ, ദധ്യാചി,പൂർണ്ണിമ 8. സോമന് താരയിൽ ബുധൻ,ഇള 9. ബുധപുത്രൻ പുരൂരവസ്സ് ഭാര്യ ഉർവ്വശി 10. ആയുസ്സ് ,ശ്രുതായുസ്സ്, സത്യായുസ്സ്, ജയ,വിജയ, അനേനസ്സ്, രംഭൻ 11. നഹുഷൻ.ക്ഷ്ത്രവൃദ്ധൻ,	20626 വർഷം പെരളശ്ശേരിക്കു മുമ്പ്.

രജീരംഭൻ	
12. യതി,യയാതി,സംയാതി, കൃതി,വിയതി	
13. യയാതിക്ക് യദു,തുർവ്വശു, അനു,ദ്രുഹ്യു,പൂരു	
14. സഹസ്രജിത്ത് ,അനലൻ, ക്രോഷ്ടാ,രിപു (യദുവിന്)	
15. ശതജിത്ത്(ശതക്രതു)	
16. വേണുഹയ,മഹാഹയ, ഹൈഹയ,ധർമ്മൻ.	
17. ഹൈഹയന് നേത്രനാരാ യണനായ ധർമ്മപുത്രൻ.	
18. കുന്തി	
19. സോഹംജിത്ത്	
20. മാഹിഷ്മാൻ (മാഹിഷ്മതിന ഗരം തലസ്ഥാനം)	
21. ഭദ്രസേനക	
22. ധനദ,ദുർമ്മദ	
23. കൃതവീര്യ	
24. അർജ്ജുന കാർത്തവീര്യ.	പരശുരാമകാലം ബിസി 10000
25. രാമഘടമൂഷക	
26. വടുവും നന്ദനനും	ബിസി 8883
27. ഉഗ്ര	
28. ഉഗ്രധന്വാ മിത്രചന്ദ്ര	
29. സിംഹസേന ആദ്യനൃസിം ഹപ്പട(നാവൽ) നരയം കണ്ണൂരിലെ	
30. ചന്ദ്രവർമ്മൻ ഫണീശ്വരനായി സമുദ്രം ചുറ്റി	
31. ബൃഹദ്ഭുതൻ	
32. സഹോദരൻ ഉഗ്രാശ്വൻ	
33. ബൃഹദ്സേന	
34. വീണ്ടും ഉഗ്രാശ്വൻ	
35. ചിത്രകേതന	
36. മകൻ ശതക്രതു ശതസോമൻ	
37. അശ്വസേന	ബിസി 3904
38. സിംഹകേതു	
39. വിശ്വപാല	
40. ശർമ്മദത്ത മഹാമതി	
41. രുദ്രവർമ്മൻ	
42. വ്യാഘ്രസേന (ഭദ്രചേതസ്സ്)	
43. പൃഥുദ്യുമ്ന	
44. വജ്രധര	
45. വലാഹക	

46. ഭീമവർമ്മാവ് 47. ബൃഹദ്സേന 48. സർവ്വപരാക്രമ 49. അതുലൻ 50. നയവർദ്ധന 51. മിത്രസോമ 52. ഭദ്രനാമാസുന്ദര 53. വീരവർമ്മ 54. അമിതക്രതു.	മഹാഭാരതകാലം ബിസി 3200-3100
55. ജഗദശ്വ 56. സുരദ്യുമ്ന 57. അർജുനവർമ്മ 58. ഉഗ്രബാഹു 59. ജയാദിത്യ 60. വൃത്രസേന 61. നാലുമക്കളിൽ മനു 62. വടുകവർമ്മൻ 63. അഹീരണൻ 64. മഹീരണഭര 65. ആര്യഗുപ്ത 66. അചല 67. അശ്വസേന 68. അനുജൻവിക്രമസേന 69. വിനയവർമ്മൻ 70. അശ്വസേനപുത്രൻ രാജവർമ്മൻ വന്ദേരിയിലെ രാജവിഹാ രം. 71. ജയമാനി 72. രണമാനി 73. ഉദയവർമ്മൻ 74. ഉദയാദിത്യൻ 75. വിരോചനൻ ഭാര്യ പല്ലവദേശത്തെ ഹാരിണി	വടുകേശ്വരം തളി ബിസി 2504 അഹീരണേശ്വരം (അരോളി) അചലപത്തനം അജന്തഗുഹ വിക്രമസേന അശ്വസേനനെ നാടുകടത്തി. ബിസി 1604

വിരോചനനിൽനിന്ന് 29-30 തലമുറ കഴിഞ്ഞാണ് (104ആം തലമുറ) മഹോദയനെന്ന മഹേന്ദ്രവർമ്മ രണ്ടാം പെരുമ്പടപ്പായി കൊടുങ്ങല്ലൂരി ലെ മഹോദയപുരം ഉണ്ടാക്കുന്നത്.

104 മഹോദയ

105. ശിവചരിതഈശാന(ഗൌതമിപുത്രശതകർണ്ണി)

106. കാഞ്ചി (കുഞ്ചി)വർമ്മൻ. ലോഗന്റെ മാന്വലിൽ പറയുന്ന സെന്റ് തോമസ് കാലത്തെ ഗൊണ്ടോഫെറസ് (എഡി 45. പേജ് 46 ലോഗൻ)

107. പുത്രൻ ഈശാനവർമ്മൻ ചേദി നന്ദിനിയിൽ പാലകനും കേരളേ ശ്വരപത്നിയായ പുത്രി വാസവദത്തയും. ചോളൻ മണിക്കിള്ളിയിൽ കുട്ടുവൻകോത എന്ന ചേരൻ ചെങ്കുട്ടുവൻ. ഈശാനവർമ്മന്റെ സഹോദരീ പുത്രനാണ് ഇളങ്കോവടികൾ. ചെങ്കുട്ടുവന് സഹോദരസ്ഥാ നീയൻ.

108.ചെങ്കുട്ടുവൻ കേരളത്തിലും പാലകൻ ചേദിയിലും രാജ്യം ഭരിച്ചു. എഡി 190 ലാണ് കണ്ണകിപ്രതിഷ്ഠ നടത്തിയത്.

109.ചന്ദ്രവർമ്മൻ 1

110. ചന്ദ്രവർമ്മൻ 2

111.പാലകനെ ചേദിയിൽനിന്ന് വരുത്തി .എഡി 216ലാണ് പാലകൻ കേരളത്തിലെത്തിയത്.

112. പാലകന്റെ സഹോദരീപുത്രനായ വല്ലഭന് (വലിധര) 2 മക്കൾ ശിവനന്ദി,ഭവനന്ദി. (ഉള്ളൂരിന്റെ അഭിപ്രായത്തിൽ ഭവശിവനന്ദിമാർ ബിസി 1012-43 കാലത്താണ് ജീവിച്ചത്. അവരാണ് വലഭി,നളന്ദ സർവ്വകലാശാലകളുടെ സൃഷ്ടിക്ക് കാരണമായത്.)

113 രിപുരാമൻ (കൊങ്ങുചേരശാഖ)

114. ജനമാനി

115 ശംഖവർമ്മൻ

116. ജയമാനി പൃഥനാതീരത്ത് ശാലാവലയികളോടുകൂടിയ നിരവധി കെട്ടിടങ്ങളും രാജധാനികളും പണിതു. വിദർഭ,വാകാടകം,കേരളം ഇവ ഭരിച്ചു. ഇദ്ദേഹം പുറപ്പെടുവിച്ച ശാസനം ഐഹോൾശാസനത്തിന്നു മുന്നോടിയായി കണക്കാക്കാം. ഭൂതരായപാണ്ഡ്യപ്പെരുമാളെന്നും കുല ശേഖരപാണ്ഡ്യനെന്നും വിളിക്കുന്ന ഇദ്ദേഹത്തെ സ്വന്തം വാൾനമ്പിയായ രക്ഷകൻതന്നെ വധിച്ചത് എഡി 333ലാണെന്ന് കരുതപ്പെടുന്നു. പെരുമാ ൾ വാഴ്ചാരംഭമായി കണക്കാക്കുന്നത്. ദദുർധരം 33242 . ഇതിനെ 336 കൊണ്ട് ഹരിക്കുക. 90 വർഷം 302 ദിനം. 3012 ബിസിയിൽനിന്ന് (കലിയുഗാരംഭം) ഇത്രയും കാലം കഴിഞ്ഞാണ് പെരുമാൾ വാഴ്ച ആരംഭിക്കുന്നത്.

117. ഇതിനുശേഷം സഭ തെരഞ്ഞെടുത്ത ആദിത്യവർമ്മനെന്ന വല്ലഭൻ 3 ചക്രവർത്തിയായി. ബലഭദ്രസമനായ ഇദ്ദേഹത്തിൻ അനുജനാണ് അടു ത്ത ചക്രവർത്തി.

118. കുന്ദവർമ്മൻ മുരാരി. മുകുന്ദമാല രചിച്ച കുലശേഖരആഴ്വാർ. വെങ്കി ഹസ്തിവർമ്മൻ, വിഷ്ണുഗോപൻ, സമുദ്രഗുപ്തനെന്നിവരുടെ സമകാലീനനാണ്. ഇദ്ദേഹത്തിനു വേണ്ടിയാണ് വല്ലഭൻ 3 നാരായണ പുരമെന്ന നഗരവും ക്ഷേത്രവും നിർമ്മിച്ചത്. ഈ സ്ഥലം ഏതെന്ന് മനസ്സിലായിട്ടില്ല. ഗുരുവായൂരാവുമോ, അതോ കുലശേഖരപുരത്തെ ശ്രീകൃഷ്ണക്ഷേത്രമാണോ, അതുമല്ല, കുലശേഖരആഴ്വാരുടെ പ്രതിമ പ്രതിഷ്ഠിച്ച വടക്കാഞ്ചേരിയിലെ ശിവക്ഷേത്രമോ. നാരായണപുരത്തിരു ന്നാണ് മുകുന്ദമാല രചിച്ചത്.

119.കുന്ദവർമ്മനെതുടർന്ന് പാലകനെന്ന രണ്ടാം രാജാവ് താൽക്കാലി കമായി ഭരിച്ചതായി തൃക്കാരിയൂർശാസനത്തിൽനിന്ന് അനുമാനിക്കാം. ഇദ്ദേഹം പുരളിമല പയച്ചിക്കോട്ട(പഴശ്ശി) കെട്ടിയ ആളാണ്. ഇദ്ദേഹം അയച്ച രഹസ്യ ശാസനം , (തൃക്കാരിയൂർശാസനം എഡി 428) മരുപൂർവ്വപതി കൈക്ക ലാക്കിയതിന് മരുമകനും അടുത്ത അവകാശിയുമായ ഗംഭീരൻ മരുപൂർവ്വപുരം നശിപ്പിച്ചു. മലബാർ മാനവൽ(പേജ് 233) ലോഗൻ ഇപ്രകാരം പറയുന്നു.പെരുമാളും 64 ഗ്രാമത്തിലെ ബ്രഹ്മജ്ഞാ നികളും തൃക്കാ രിയൂർ പരിഷത്ത് കൂടി, ധർമ്മം സംരക്ഷിക്കാനായി സ്ഥിരമായ ഒരു രാജാവെന്ന് വ്യവസ്ഥ വെക്കണമെന്ന രഹസ്യസന്ദേശം ദൂതൻ വഴി അയച്ചു. അവർ കിഴക്കോട്ടുപോയി അനക്കുണ്ഡി കൃഷ്ണരായരെ ക്കണ്ടു. 12 വർഷത്തേക്ക് ഒരു രാജാവിനെ അയക്ക ണമെന്നായിരുന്നു ആവശ്യം. അതിനാൽ ആദ്യം ഒരു രാജാവിനേയും, പിന്നെ ഒരു പാണ്ടിപ്പെരുമാളേയും അവസാനം ക്ഷത്രിയനായ ചേര മാൻപെരുമാളേയും കൊടുത്തു. സ്വർഗ്ഗസന്ദേഹ്യം പ്രാപ്യ (കേരളോ ത്പ്പത്തി) 427 എഡിയാണ്. അന്ന് ഒരു കുലശേഖരപ്പെരുമാൾ സ്വർഗ്ഗം പൂകി. തൊട്ടവർഷമാണ് , എഡി 428ലാണ് ഈ പെരുമാൾ സിംഹാസനസ്ഥനായത്. ഇദ്ദേഹം ഇവിടത്തെ നിലവും നഗരവുമെല്ലാം നിരീക്ഷിച്ച ശേഷം തൃക്കാരിയൂരും തിരുനാവായയും വളപട്ടണവും പുണ്യതീർത്ഥസ്ഥാനനഗരങ്ങളായും, 18 തുറമുഖങ്ങളുള്ളതിൽ കൊടു ങ്ങല്ലൂർ പ്രധാനവ്യ വസായകേന്ദ്രമായും കണ്ടു. അവിടെ ഒരു കൊട്ടാ രവും അഗ്രഹാരവും പഴയ തിരുവഞ്ചിക്കുളം ക്ഷേത്രത്തിനടുത്ത് കെട്ടി അവിടെ താമസമാക്കി. വലഭി,തിരുനാവാ കേന്ദ്രങ്ങളോടൊപ്പം കൊടു ങ്ങല്ലൂരും വിദ്യാഭ്യാസകേന്ദ്രമായി മാറുന്നത് ഇതിനുശേഷമാണ്. 428-464(36 വർഷം) ഈ രാജാവ് സഭയുടെ ആവശ്യപ്രകാരം രാജഭരണം നടത്തി.

ലോഗന്റെ സംശയം 16ആം നൂറ്റാണ്ടിലെ കൃഷ്ണദേവരായർക്ക് 428ലെ തൃക്കാരിയൂർ സഭ എങ്ങനെ സന്ദേശം കൊടുക്കുമെന്നാണ്. ഇതിന്നു ത്തരം ഞാൻ പറയാം. എഡി 400- 430 വരെ പെദ്ദവെങ്കി ഭരിച്ചിരുന്ന നന്ദിവർമ്മന്റെ മന്ത്രി കൃഷ്ണരായരാണ് , കൃഷ്ണദേവ രായരല്ല ഇവിടെ പറയപ്പെടുന്ന കൃഷ്ണരായർ. വള്ളുവരായര എന്നാണ് പണ്ട് വള്ളുവ(വെള്ളുവ)ക്കോനാതിരിക്കു പേർ. അത്തരം ഒരു കൃഷ്ണരായരു ആയിരുന്നു നന്ദിവർമ്മനു മന്ത്രി. അദ്ദേഹത്തിന്റെ അഭി പ്രായം ആരാഞ്ഞതിനു കാരണവും അതുതന്നെ. പെദ്ദവെങ്കിശാസനത്തി ലും വചദവിഷയം(വലഭി), ഭൂതത്താണ്ഡകഗ്രാമം(തൃക്കാരിയൂർ) നാവാ വിഷയം(തിരുനാവാ) ഇവയെ പ്രകീർത്തിക്കുന്നു. ഏലൂരു പെദ്ദവെങ്കി (സാലങ്കായനനന്റെ) കേരളത്തിലെ വെങ്കടക്കോട്ട(സേതദുർഗ്ഗം അഥവാ ശേ്വതദുർഗ്ഗം) ഇവ ഒരു കാലത്ത് ആന്ധ്രകസാമ്രാജ്യത്തിലെ പ്രധാനദുർഗ്ഗ ങ്ങളായിരുന്നു. ദക്ഷിണേന്ത്യ മുഴുവനും ആന്ധ്രകജനപദമായിരുന്ന കാല ത്തെ ചരിത്രമാണ് നമ്മൾ പേർത്തെടുക്കുന്നത് എന്ന് ഓർമ്മിക്കണം. പാലകൻ 2 രാജാവ്, ഗംഭീരൻ പാണ്ടിപ്പെരുമാൾ ഇവർക്കു ശേഷം, അന്യം നിന്ന പണ്ടത്തെ രാജവംശത്തിലെ കുന്ദവർമ്മൻമുരാരിയുടെ മകളുടെ ഭർത്താവായ ജയമാനിയെ (രാമഘടജയരാഗശിവപാദശേഖര നാമത്തോടെ

) ചേരമാൻ പെരുമാളായി അവരോധിച്ചു. 36 വർഷം ഭരിച്ചു. ഇദ്ദേഹം ശതവാഹനകാഞ്ചിപല്ലവവംശമാണ്. കൊങ്ങുപ ല്ലവനെ തോൽപ്പിച്ച് മകളെ വിവാഹം ചെയ്തിട്ടുണ്ട്. പല്ലവ,ചാലൂക്യ,കേരളരാജാക്കന്മാരെല്ലാം ജയമാനി ജയരാഗ(രണരാഗ) ജയസിംഹന്റെ പിൻതലമുറയാണെന്ന് അവകാശപ്പെടുന്നുണ്ട്. വയനാ ട്ടിലെ തിരുനെല്ലിക്കടുത്താണ് തൊണ്ടർനാട്. പല്ലവരെല്ലാം ഈ തൊണ്ട നാടിലെ തൊണ്ടമാന്റെ വംശമാണ്, കാടവപല്ലവവംശമാണ്. ഇവരുടെ മൂന്നു പഴയ തലസ്ഥാനങ്ങൾ, കാഞ്ചി,വെങ്കി, പാലക്കാ(ട്) ആയിരുന്നു. ഈ കാട്ടുരാജാക്കന്മാരെ മല മുകളിലെ താമസക്കാരാകയാൽ പൊറൈ (മല)നാട്ടടികളെന്നും വിളിച്ചിരുന്നു. പുറനാട്ട്(വിദേശം) എന്നല്ല ഇതിന ർത്ഥം. ഗിരിവർഗ്ഗരാജാക്കന്മാരെന്നാണ്. മയിഡവൊലുവിലെ ശിവസ്കന്ദ വർമ്മപല്ലവപുത്രിയെ ജയസിംഹൻ വിവാഹം കഴിച്ചിരുന്നു. കുന്ദവ ർമ്മൻ മുരാരി പല്ലവവംശമാണ്, അദ്ദേഹം തന്നെയാണ് ജയരാഗന്റെ ഭാര്യാപിതാവും.
ഇനി പുറത്തുനിന്ന് പെരുമാളെ കൊണ്ടുവരാതിരിക്കാനായി സഭ രണ്ട് സൂര്യക്ഷത്രിയ(നാഗ)കന്യമാരെ വരുത്തി അവരിൽ രാജാവിന് പുത്രരെ ജനിപ്പിച്ചു. ഇവരാണ് മൂഷകവംശകാവ്യത്തിലെ അവസാന ത്തെ രാജാക്കന്മാരായ വല്ലഭൻ അഞ്ചാമനും ശ്രീകണ്ഠനും.

തളിപ്പറമ്പിലെ രാജരാജേശ്വരക്ഷേത്രത്തിന്റെ വിദ്യാസ്ഥാപനത്തിന്റെ അവസാനപുനരുദ്ധാരണകാലത്ത്, ഗുജറാത്തിലെ വലഭി സർവ്വകലാശാ ല സ്ഥാപിതമായി(വലഭി ധ്രുവസേന) നളന്ദയും വലഭിയും വല്ലഭപുത്ര ന്മാരായ ശിവനന്ദി,ഭവനന്ദിമാരാണ് കേരളത്തിനു പുറത്ത് സ്ഥാപിച്ചത്. ഹർഷവർദ്ധനന്റെ പുത്രീഭർത്താവാണ് വലഭി ധ്രുവസേന. വലഭിപുര ത്തെ പാലിത്താനത്ത് ശതവാഹനകാലം മുതലേ പാലിയം(പാലിസ്ഥാ നം) പാലിപ്രാകൃതകവികളുടെ കൂട്ടായ്മ ഉണ്ട്. പാലിയത്തച്ചനും പാലിയത്തോ എന്ന പാദലിപ്തനും അക്കാലം മുതലേ ചരിത്രത്തിലു ണ്ട്. കേരളത്തിലെ തോൽ(സഭ) അക്കാലത്ത് തോലന്റെ മൂഷകവംശകാ വ്യം കൊണ്ട് വല്ലഭരാജവംശത്തേയും അതിലെ വിദ്യാസ്ഥാനങ്ങളേയും പ്രകീർത്തിച്ചു. ശങ്കരനാരായണന്റെ അഭിപ്രായം ഹർഷനു മുമ്പാണ് ശങ്കരാചാര്യരും ജീവിച്ചിരുന്നതെന്നാണ്.643ലെ മഹാസഭയിൽ ഹർഷൻ താനിതുവരെ 30 ചെറിയ സഭകളാണ് നടത്തിയിട്ടുള്ളതെന്ന് പ്രഖ്യാ പിച്ചു. 606ലാണ് സ്ഥാനാരോഹണം. 643ലെ സഭ 31ആം സഭയാവണ മെങ്കിൽ അദ്ദേഹത്തിന്റെ സഭ 613ൽ 21ആം വയസ്സിലെ തുടങ്ങിയിട്ടു ള്ളു. ഇത് 642ൽ പുലികേശി 2 ചാലൂക്യവല്ലഭൻ മരിച്ചശേഷമാണ്. അപ്പോഴാണ് ഹർഷന് പരമഭട്ടാരകപദവി കിട്ടി വലിയ സഭ(മഹാസഭ) നടത്താനാവുന്നത്. ജയസിംഹനെന്ന ജയമാനിവംശം തന്നെയാണ് പുല കേശി 2 ചാലൂക്യവല്ലഭനെന്ന കാടവപല്ലവപുറനാട്ടടികളെന്ന് കരുതാൻ

ഇത് സഹായിക്കുന്നു. അദ്ദേഹത്തിന്റെ പുത്രീഭർത്താവാണ് ഹർഷവർദ്ധനൻ. ഹർഷന്റെ പിതാവ് പ്രഭാകരവർദ്ധനനനും ഇതേ രാജവംശത്തിൽനിന്ന് വിവാഹം കഴിച്ചാണ് പരമഭട്ടാരകപദവി നേടിയത്.
ഹർഷന്റെ കാലത്ത് , വെങ്കിചാലൂക്യദേശത്ത് അദ്ദേഹത്തിന്റെ സഹോദരസ്ഥാനീയനായ കൃഷ്ണനാണ് ഭരിക്കുന്നതെന്നു കൂടി ചേർത്തുവെച്ച് വായിക്കുക.
വല്ലഭൻ രണ്ട് രാജസഭകളുടെ രാജാവാണെന്നും മൂഷകവംശകാവ്യം പറയുന്നുണ്ട്. വല്ലഭ,ശ്രീകണ്ഠകാലത്താണ് തൃച്ചംബരം പുനരുദ്ധാരണ വും നടന്നിട്ടുള്ളത്. അവരുടെ കാലത്ത് മാരാഹി (മാടായി) വ്യവസായകേന്ദ്രവും തുറമുഖവുമായി വികസിച്ചു. വല്ലഭൻ വടുകേശ്വരക്ഷേത്രമണ്ഡപത്തിൽ ചണ്ഡേശ്വരപ്രതിഷ്ഠ ചെയ്തു. ശ്രീകണ്ഠൻ ഈ ക്ഷേത്രം പുനരുദ്ധരിച്ചു. പൂർവ്വീകരായ വടു,നന്ദനൻ, ദേവകൾ ഇവരുടെ പ്രീതിക്കായി ക്ഷേത്രം (വടുകേശ്വരം) പുനരുദ്ധരിച്ചു.
അഹീരണേശ്വരക്ഷേത്രത്തിന്റെ അവസ്ഥ കണ്ട് ശ്രീകണ്ഠന് ദുഃഖം തോന്നി. മരങ്ങൾ മുകളിലൂടെ വളർന്നിരുന്നു. കല്ലുകൾ വീണ് അഷ്ടമൂർത്തിയുടെ ശിരോഭാഗം തകർന്നിരുന്നു. ഈ അവസ്ഥയിലും ശിവനെ വിടാതെ നിന്നിരുന്നത് അവിടമാകെ ഇഴയുന്ന പാമ്പുകൾ മാത്രമായിരുന്നു. വിമാനം പുനർനിർമ്മിക്കാനും വടുകേശ്വരം പുനരുദ്ധരിക്കാനും 9 ദിശയിലും ഉള്ള വടുകേശ്വരക്ഷേത്രങ്ങൾ പുനരുദ്ധരിക്കാനും (ഇതിൽ ഖരകാനനവും പെടും. വടക്കുന്നാഥൻ)ശ്രീകണ്ഠൻ പ്രതിജ്ഞ ചെയ്തു. ഐരാണിക്കുളത്തെ അഹീരണേശ്വരക്ഷേത്രവും ഇങ്ങനെ പുനരുദ്ധരിക്കപ്പെട്ടു.
36ആം തലമുറ ശതസോമൻ, 62ആം തലമുറ വടുകവർമ്മൻ, 63ആം തലമുറ അഹീരണൻ,117,118 തലമുറ ജയമാനി, 125,126 തലമുറ വല്ലഭ, ശ്രീകണ്ഠന്മാർ ഇവരാണ് പെരുഞ്ചല്ലൂർ തളിപ്പറമ്പ് ക്ഷേത്രോദ്ധാരണവുമായി ബന്ധപ്പെട്ട മൂഷകവംശരാജാക്കന്മാർ. അരോളി വടേശ്വരത്ത് നടുവിൽ ഒന്നും നാലുമൂലയിലും ഓരോന്നുമായി 5 ശിവലിംഗപ്രതിഷ്ഠയുണ്ട്. പ്രധാനപ്രതിഷ്ഠക്ക് 16 അടി ഉയരമുള്ളതുകൊണ്ട് ശ്രീകോവിലി ന് 66 അടി ഉയരമാണ്. അഞ്ചാം നൂറ്റാണ്ടിൽ അവസാനപുനരുദ്ധാരണം ചെയ്തത് വല്ലഭനും ശ്രീകണ്ഠനുമാണ്.

പുല്ലൂർ കൊടവലം വിഷ്ണുക്ഷേത്രത്തിലെ (മലബാർമഹോത്സവം പേജ് 282) കുടവലത്തു ഊരാളരെന്ന പ്രയോഗവും ശ്രദ്ധേയമാണ്. എസ് ശങ്കരനാരായണന്റെ ഗ്രന്ഥപ്രകാരം ഇക്ഷ്വാകുരാജാ എഴുവലചാന്തമൂല വനവാസി രാജാവിന്റെ സഹോദരി കൊടവലശ്രീയാണ് വിഷ്ണുരുദ്രശിവലാനന്ദ ശതകർണ്ണിയുടെ പത്നി (പേജേ 123) ശിവല ശ്രീവലഭ എന്ന് പേരുള്ള ആദിവാസിരാജാക്കന്മാരാണെന്നും സൂര്യക്ഷത്രിയരായ ഇക്ഷ്വാകുക്കളാണെന്നും അദ്ദേഹം പറയുന്നു. വടക്കൻ മലബാറിലെ കർണ്ണാടകാതിർത്തിവരെയുള്ള വനവാസിക,ഗിരിപ്രദേശങ്ങളെല്ലാം ഇവരുടെ അധീനത്തിലായിരുന്നു. ഈ ഏഴി മല കൊടവലശ്രീവംശം ഇക്ഷ്വാകുക്കളുടെ വംശനാമമായ മനുകുലാദിത്യ നാമവും

വഹിച്ചിരുന്നതായി ശങ്കരനാരായണൻ ചൂണ്ടിക്കാട്ടുന്നു. മനുകു ലാദിത്യനെന്നത് വ്യക്തിനാമമല്ല, വംശനാമമാണ്.

നരയൻകണ്ണൂരിലെ ശാസനം എം ജിഎസ് കണ്ടെത്തി വിവരിച്ചിട്ടുണ്ട്. (മല ബാർ മഹോത്സവം സോവനീർ പേജ് 268-269) ഇതിലെ പന്ഥാവകേസവോ യ എന്ന കലിവാക്യം 1451471 എന്നെടുത്ത് (4029) ക്രി വ. 929 എന്ന് അദ്ദേഹം പറയുന്നു. ഈ കാലഗണനയിൽ ഒരു പൊരുത്തക്കേടുണ്ട്. പന്ഥാ വകേസവോയ എന്നത് സവ്യമായി വായിച്ചാലും അപസവ്യമായി വായിച്ചാ ലും മേൽപ്പറഞ്ഞ സംഖ്യ കിട്ടില്ല. ഉത്തരാക്ഷരമായ ഥ എടുത്താൽ 2 , പൂർവ്വാക്ഷരമാ. ന എടുത്താൽ 0. അപ്പോൾ ഒന്നുകിൽ 1041741 അല്ലെങ്കിൽ, 1241741. ഇതിലൊന്നാവണം കലിസംഖ്യ. ആദ്യത്തേതെങ്കിൽ എം ജിഎസ് നിർണ്ണയിച്ച 929ൽനിന്ന് 572 അഥവാ 573 കുറച്ച എഡി 355-356 ആണ് കാലം. രണ്ടാമത്തേതെങ്കിൽ 846 കുറച്ച എഡി 83 ആണ് വരിക. 1451471 എന്നത് എംജി എസ് കണക്കാക്കിയ സംഖ്യയല്ല, 1926ലെ സൌത്ത് ഇന്ത്യൻ എപ്പിഗ്രാഫിക്ക് വാർഷികറിപ്പോർട്ടിൽനിന്ന് അദ്ദേഹം സ്വീകരിച്ചതാണ്. എം ജിഎസ് പറയുന്ന ചില കാര്യങ്ങൾ വളരെ ശ്രദ്ധേയമാണ്. മണത്തുണൈ മുണ്ഡൻ കൊറ്റാടൈ എന്ന വ്യക്തി നമ്പിയാർ വിക്രമരാമനിൽനിന്ന് കാവിയൽപുറത്ത് ആയിനിവയൽ സ്വീകരിച്ച് നരസിങ്ങവിണ്ണഗരത്തേവരുടെ നിത്യനിവേദ്യ,നന്ദാവിളക്കുകൾക്കായി സമർപ്പിക്കുന്ന രേഖയാണ് ഇത്. നോട്ടക്കാരാക്കിയത് ഇളങ്കോപട്ടണത്തിലെ മണിഗ്രാമക്കാരെയാണ്. ഇളംകോ യിൽ വലിധരനായ വിക്രമരാമനെന്ന പ്രയോഗമുണ്ട്. എം ജിഎസ് ഇതിലെ കഥാപാത്രങ്ങളെ മൂഷകവംശത്തിലെ രാജാക്കന്മാരുടെ ലിസ്റ്റിൽ പ്രശംസാർഹ മാം വിധം കണ്ടെത്തുന്നു. ഈശ്ലവർമ്മന്റെ ചേദിനന്ദിനിവംശത്തിലെ വിക്രമ രാമനും ഇതിലെ വിക്രമരാമനും ഒരാളാണെന്ന് അദ്ദേഹം കരുതുന്നു. അത് 100 ശതമാനം ശരിയുമാണ്. കാലഗണനയാണ് തെറ്റിയത്.



കാലം ഇങ്ങനെ വരുമ്പോഴാണല്ലോ എം ജി.എസ് പറഞ്ഞ വിക്രമരാമൻ ചേദിനന്ദിനിവംശമാവുന്നത് .അത് 3-4 നൂറ്റാണ്ടാണ് . വാസവദത്ത- ഉദയന ന്മാരുടെ പുത്രനായ വലിധരവിക്രമനെന്ന നരവാഹനദത്തനാവാം ഇതിലെ വലിധരൻ. വത്സരാജ്യവും ദക്ഷിണേന്ത്യ മുഴുവനും അദ്ദേഹം ഭരിച്ചിരുന്നു.

അദ്ദേഹം ഇളംകോവിലായിരിക്കുന്ന കാലത്ത് ഉദയനനാണ് ചക്രവർത്തി. അതായത് എഡി 355- 356 ആണ് നരയൻ കണ്ണൂരിലെ ശാസനകാലം. മണ ത്തുണൈ മുണ്ടന് കൊറ്റാട ആരാണെന്ന് എം ജി എസ് സംശയിക്കുന്നുണ്ട്. മണം തിരുമണം വിവാഹം. തുണൈ ഇണ ഭാര്യ. കൊറ്റ് ഐശ്വര്യം, ഭക്ഷണം. ആയിനിവയൽ വിവാഹശേഷം ഭക്ഷണം തരുന്നതിനായി ദാനം ചെയ്യുന്ന വയൽ. മുണ്ഡവംശം കേരളത്തിലെ ആദിമരാജവംശം. ബെട്ടവംശം. കാടവവംശമെന്നും വനവാസിവംശമെന്നും പറയും. പാണ്ഡ്യ,വത്സരാജ്യത്തു നിന്നുള്ള രാജാക്കന്മാരെ ഇവരിൽ നിന്നുള്ള ആക്രമണം ചെറുത്തിരുന്നു. ഗൌരീമുണ്ടനെന്ന രാജാവിനെ തോൽപ്പിച്ചാണ് വല്ലഭൻ അദ്ദേഹത്തിന്റെ മകളെ വിവാഹം ചെയ്ത് സന്ധി ഉണ്ടാക്കിയത്.

പേജ് 271ൽ വിഗ്രഹം കൊത്തിച്ചത് 1523929 എന്ന കലിദിനത്തിലാണെന്ന് പറയുന്നു. ധരെഢൊഗുരുമുഖ്യ . ഇത് വെച്ച് എഴുതിയാൽ 4243252, തിരിച്ചെഴുതിയാൽ 2523424 രണ്ടും ശരിയാവുകയുമില്ല. പ്രാകൃതഭാഷയിൽ ഈ വാക്യം തരദ്ധഗുരുമുക്യ എന്നാണെങ്കിൽ 1243251 കിട്ടും. 3396 കലി അഥവാ 294 എഡി ആണ് അപ്പോഴത്തെ സംഖ്യ. മുമ്പത്തെ ലിഖിതത്തിലെ 1241741ൽനിന്ന് 12432651 ന് 4 വർഷം 46 ദിവസം വ്യത്യാസമേ ഉള്ളു. ഇതനുസരിച്ച് വിഗ്രഹനിർമ്മാണം 294 ൽ തുടങ്ങി, അതിനുശേഷം 4 വർഷം 46 ദിനത്തിൽ ക്ഷേത്രനിർമ്മിതി പൂർത്തിയായി, നിത്യനിദാനത്തിനുള്ള വയൽ സമർപ്പിച്ചു, മണിഗ്രാമക്കാരെ നടത്തിപ്പിന്റെ നോട്ടം ഏൽപ്പിച്ചു. ഇത് പാലകഭൂപൻ കേരളത്തിലെത്തി 78 വർഷത്തിനു ശേഷം സംഭവിക്കുന്നു. ഈ ക്ഷേത്രം ഹിരണ്യഗർഭം കഴിച്ച തേവർതിരുവടി പണിതതാണെന്നും ലിഖിത ത്തിലുണ്ട്. കരിങ്കല്ലു പാകിയത് ശ്രീകുന്ദആൾവാർഅരചരാണ്. ശ്രീകുന്തൻ ഭട്ടനും ഭട്ടനാരാണനും അവർകളുടെ കാലത്ത് പണ്ണിന ശ്രീകാര്യമാണ്. ശ്രീകാര്യം ചെയ്ത ശിൽപ്പിയാകട്ടെ, ചന്ദിരൻ ചേകവനെന്ന വ്യകേതിയാണ്.

എഡി 333ൽ പാണ്ടിപ്പെരുമാളെ തലപ്പള്ളി വാൾനമ്പി വധിക്കുന്നു. 355-356 വർഷത്തിൽ ആദിത്യവർമ്മൻപെരുമാളുടെ പുത്രനായ കുന്ദവർമ്മ മുരാരി ശ്രീകുന്ദആൾവാർ അരചൻ കോവിലിനു പുനരുദ്ധാരണം ചെയ്ത് കരിങ്കല്ലു പാകുന്നു. അദ്ദേഹവും ഭട്ടനാരായണനെന്ന ബലഭദ്രതുല്യനായ ആദിത്യവ ർമ്മനും ഭരിക്കുന്ന കാലത്ത് പുനരുദ്ധാരണകർമ്മം നിർവ്വഹിച്ചത് ചന്ദ്രൻ ചേകവൻ. കുലശേഖരആൾവാരെന്ന മുകുന്ദമാലാകർത്താവിന്റെ കാലം സമുദ്രഗുപ്ത,വെങ്കി ഹസ്തിവർമ്മ,പല്ലവസാലങ്കായന,വിഷ്ണുഗോപകാലം. എത്ര കൃത്യമാണ് കാലഗണനം .

നമുക്കിവിടെ തൃപ്പൂണിത്തുറ ഗ്രന്ഥവരിപ്രകാരം ചേരന്മാരുടെ ഇളയ സ്വരൂ പമായ കൊങ്ങുവേട്ടുവർ ഇളയതാവഴി ചേരസ്വരൂപം സേലത്തുനാട്ടിലുണ്ടാ യിരുന്നത് പ്രബലമായ കാലം ഏതെന്നു നോക്കണം,.ഷോഡശാംശം സുരാജ്യം 6355721 ഇതിനെ 366 കൊണ്ടു ഹരിക്കുക. 3485 വർഷം 26 ദിവസം. 3102 ൽനിന്ന് ഇത്രയും വർഷം കഴിഞ്ഞ് എഡി 383 മുതലാണ് സേലത്തെ വംശം (ഇളയ താവഴി) പ്രബലമായത്. കോഴിക്കോട് ബ്രാഹ്മണരുടെ കണക്കിൽ

അവസാനപെരുമാൾക്കാലം 347 ലും കൊച്ചി ബ്രാഹ്മണരുടെ കണക്കിൽ 588 എഡിയിലുമാണ് അവസാനിച്ചത്. എന്താണ് ഇങ്ങനെ ഒരു വൈരുദ്ധ്യം എന്ന് നോക്കാം.

എഡി 235ൽ കേരളത്തിൽ വൈ്യപകമായി ക്രിസ്തുമതത്തിലേക്ക് മതംമാറ്റം നടന്നു.

എഡി 291ൽ ഇവർ ചോളനാട്ടിലെത്തി കാവേരിപ്പൂമ്പട്ടണത്തിലെ വെള്ളാളരെ മതംമാറ്റം ചെയ്തു. ചോളർ അവരെ തിരിച്ചോടിച്ചു. അവരെല്ലാം ഓടിപ്പോ ന്ന് കുരക്കേണിക്കൊല്ലത്ത് താമസമാക്കി. (294-298 കാലത്താണ് നരയൻ കണ്ണൂ രിലെ ശാസനത്തിൽ പറയുന്ന ക്ഷേത്രനിർമ്മാണം നടക്കുന്നത്). വ്യാപാര വും സമുദ്രയാനവും മതം മാറിയവരിലേക്ക് നീങ്ങിയത് രാജ്യത്തിന്റെ ഇക്കോണമി യെയും സംസ്കാരത്തേയും ബാധിക്കുന്നത് ചോളർ കണ്ടു,അതിനാൽ അവർ 351 എഡിയിൽ മാണിക്യവാചകരെ കേരളത്തിലേക്ക് അയച്ചു. മതം മാറി യവരെ തിരിച്ചു കൊണ്ടുവരലായിരുന്നു ലക്ഷ്യം. (333ലെ പെരുമാ ൾവധം തലപ്പള്ളി കോവിലകത്തെ വാൾനമ്പിയാണ് ചെയതത്, തലപ്പള്ളിയിലാണ് കൊച്ചിരാജാവ് മതംമാറ്റത്തിന് സഹായിക്കും വിധം എല്ലാ സൌകര്യങ്ങ ളും ചെയ്തു കൊടുത്തിട്ടുള്ളതും. (അങ്ങാടികളും പള്ളികളും അടക്കം) പെരിഞ്ചല്ലൂരിനു പകരം മദ്ധ്യമലബാറിലേക്ക് രാജഭരണം വ്യാപിക്കുകയാ യിരുന്നു. അതുവരെ യൂണിവേഴ്സിറ്റി അഗ്രഹാരമായി പേരുകേട്ട സ്ഥല മെല്ലാം വ്യാപാരസ്ഥലമായി മാറിത്തുടങ്ങി. കോഴിക്കോട്ടെ ബ്രാഹ്മണർ പെരിഞ്ചല്ലൂരിലെ പെരുമാൾ ഭരണാവസാനത്തെ 347 എഡി എന്ന് അതു കൊണ്ടാണ് കണക്കാക്കുന്നത്.351ലാണ് മാണിക്കവാചകർ കേരളത്തിലെത്തി യത്. തൃപ്പൂണിത്തുറ ഗ്രന്ഥവരി ഇളയ താവഴി പ്രബലമായ എഡി 383നെ എടുക്കുന്നു. വല്ലഭനും ശ്രീകണ്ഠനും ഭരണം അവസാനിക്കുന്നത് അഞ്ചാം നൂറ്റാണ്ടിലാണ്. അതാണ് കൊച്ചി ബ്രാഹ്മണരുടെ കണക്കിലെ എഡി 588. മാണിക്യവാചകരും കാടവവംശജനാണ്. വായുപുരേശനെന്നാണ് അദ്ദേഹ ത്തിന്റെ പര്യായനാമം. കേരളം അദ്ദേഹത്തിനു സുപരിചിതവുമാണ്. വീടറിയാത്ത ചമണന്മാരുടെ വാക്ക് അസത്യമാണ്, അതിനെ സത്യമെന്ന് കരുതി ജനം രാജ്യം നശിപ്പിക്കയാണെന്നറിഞ്ഞ കാടവൻ തിരുവതികൈ (തിരുപതികൈ ശ്രീവത്സനഗരം) നഗരത്തിലെ പാടലീപുത്രത്തിലെ മൺപള്ളി കളും പാഴികളുമെല്ലാം അതേപടി പകർത്തി ഗുണമേന്മയുള്ള ഈശ്വരക്ഷേ ത്രം പണിതു (ഇതാവണം ഗുരുവായൂരിലെ ക്ഷേത്രം . വായുപുരേശനാമം അതുകൊണ്ടാവാം വന്നത്) തേവാരത്തിൽ അദ്ദേഹത്തിനു പരിചിതമായ സ്ഥലങ്ങൾ കൂടലും കോട്ടൂരും കൊടുങ്കോളൂരും വിളവിയും (വിലവി-വലഭി) കണ്ടിയൂരും ഇടക്കുളവും (തിരുനാവാക്കടുത്ത്) തിരുക്കുളവും അഞ്ചൈക്കള വുമാണ്. കൊടുങ്ങല്ലൂർ, വലഭി, കൂടൽ, ഇടക്കുളം മുതലായ മദ്ധ്യമലബാറി ലെ സ്ഥലങ്ങളെല്ലാം പരിചിതം. ഇദ്ദേഹമാണ് ബന്ദേരിഭാഷ (വന്നേരി) പ്രാബ ല്യത്തിലാക്കിയത് എന്നും കാണുന്നു.

ഏതായാലും എഡി 500 വല്ലഭകാലത്ത് മൂഷകവംശകാവ്യവും ഈ ആശങ്ക പ്രകടിപ്പിക്കുന്നുണ്ട്. . 562ൽ ആയ് നാഥൻ എയിനി എന്ന ചെല്ലൂർനാഥനെ വധിച്ച നന്ദനെ വധിച്ചത് വല്ലഭനാണ്. വാകയൂർപെരുംതുറൈ എന്ന തിരു നാവാ വെച്ചായിരുന്നു ഈ യുദ്ധം. ഭട്ടസ്ഥലിയിൽ പാശ്ചാത്യധർമ്മസ്വീകരണം കൊണ്ട് ധർമ്മക്ഷയം മന്നകാലത്ത്, വല്ലഭൻ യാഗം,ക്ഷേത്രപരിപാലനം മുത ലായ

ധർമ്മപരിപാലനത്തിനായി താമസം വീണ്ടും ചെല്ലൂരിലേക്ക് മാറ്റി എന്ന് അതുലന്റെ കാവ്യം പറയുന്നത് മതംമാറ്റപ്രശനമായിരിക്കണം.യാഗവും ഷഡംഗവിചാരവും വന്ദേരിഗ്രാമത്തിലില്ല. അത് പുനരാരംഭിക്കാനാണ് ചെല്ലൂരിലേക്ക് പോയത്. അവിടെ ശതസോമൻ പണ്ടു നിർമ്മിച്ച ശൌരീപുരത്തിലെത്തി,ക്ഷേത്രപുനരുദ്ധാരണവുംമുനിസഭയിലെശാസ്ത്രചർച്ച യുംപുനരാരംഭിച്ചു. കോട്ടമ്പലത്തെത്തി, ഗുരുമരണത്തിൽ നടുനാട്ടിലെ മൂഷകനൃപന് പങ്കുണ്ടെന്ന് മനസ്സിലാക്കി. കടൽപിറകോട്ടിയ ചെങ്കുട്ടുവൻ ചിറ കെട്ടി സൂക്ഷിച്ച പഴയ വിഹാരനഗരമായ സ്വന്തം ഭവനമായ മൂഷകനഗരത്തെ അദ്ദേഹം ഉപരോധിച്ചു. അന്നത്തെ മൂഷകപതിയായ വന്നിലശ്ശേരിയെ ഓടിച്ച് ഹൈഹയമൂഷകനായ അദ്ദേഹം സ്വയം രാമഘടമൂഷകസ്ഥാനത്ത് അഭിഷേകം ചെയ്തു. പിന്നീടാണ് കില്ലാനദി (വളപട്ടണം) സമുദ്രത്തിൽ ചേരുന്നിടത്ത് മാരാഹി (മാടായി) എന്ന വല്ലഭപത്തനം(വളപട്ടണം) നഗരം സ്ഥാപിക്കുന്നത്.

കണ്ണൂർജില്ലയിലെ ക്ഷേത്രങ്ങൾഃ-തളിപ്പറമ്പ് താലൂക്കിൽ അതിലെ 31 അതിപുരാതനം. അതിൽ 16 പരശുരാമനും 2 ഖരനും 1 ബുധനും 1 വ്യാസനും 2 മുചുകുന്ദനും 1 ശതസോമനും 2 ഹനുമാനും ശ്രീരാമനും 1 മാന്ധാതാവും 2 കപിലനുമായി ബന്ധപ്പെട്ടവയാണ്. കണ്ണൂർതാലൂക്കിലെ 17,തളിപ്പറമ്പിലെ 16, പരശുരാമകാലത്താണ്. ഇവയുടെ ലിസ്റ്റ് ഇപ്രകാരമാണ്.

1. രാമന്തളി ശങ്കരനാരായണ
2. കുന്നാരു തിരുവിലാംകുന്നു ശിവ-രാമന്തളി
3. പെരുന്താന്നിയൂർ സുബ്രഹ്മണ്യ പയ്യന്നൂർ
4. ആലയങ്ങോട്ട് മഹാവിഷ്ണു(ആലപ്പടമ്പ്)
5. പെരിങ്ങോം ശങ്കരനാരായണ
6. പരിയാരം സുബ്രഹ്മണ്യ
7. കാഞ്ഞിരങ്ങാട്ട് വൈദ്യനാഥ
8. കീഴ്ത്തളി
9. മാമാനിക്കുന്ന് മഹാദേവ
10. അമ്മക്കോട്ടം മഹാദേവി (ശ്രീകണ്ഠപുരം)
11. മലപ്പാട്ടം ഭഗവതി
12. അരിമ്പ്ര സുബ്രഹ്മണ്യ(മയ്യിൻപഞ്ചായത്ത്)
13. നാനിയൂർ ദുർഗ്ഗ(കോലച്ചേരി)
14. ചേളേരി സുബ്രഹ്മണ്യ(കോലച്ചേരി)
15. ഈശാനമംഗലം മഹാവിഷ്ണു(കോലച്ചേരി)
16. രാജരാജക്ഷേത്രത്തിലെ ഭദ്രകാളിപ്രതിഷ്ഠ
17. രാഘവപുരം ശ്രീരാമ(ചെറുതാഴം) കണ്ണൂർതാലൂക്ക്
18. തൃപ്പാണിക്കര ശിവൻ (കുഞ്ഞിമംഗലം പയ്യന്നൂർ)
19. വടുകുന്ദ ശിവൻ(മാടായി)
20. ചെറുകുന്ന് അന്നപൂർണ്ണേശ്വരി
21. കളരിവാതുക്കലമ്മ
22. കുന്നാവ് ദുർഗ്ഗ(പള്ളിക്കുന്ന്) ശിവപ്രതിഷ്ഠ
23. കാനത്തൂർ മഹാവിഷ്ണു
24. പള്ളിക്കുന്ന് മൂകാംബിക

25. ചാലാട്ട് ധർമ്മശാസ്താ
26. ചാലഭഗവതി(എടക്കൽ)
27. എരഞ്ഞിക്കൽ ദുർഗ്ഗ(എടക്കൽ)
28. എടക്കാട്ട് നരസിംഹം
29. ഊർപ്പഴച്ചിക്കാവ് ദുർഗ്ഗ
30. തൃക്കപാലശിവൻ (പെരളശ്ശേരി)
31. കുഴുമ്പിൽ ദുർഗ്ഗ (കീഴൂർ)
32. ചെലപ്പൂർ സുബ്രഹ്മണ്യ
33. കീഴൂർ മഹാദേവ
34. മൃദംഗശൈലേശ്വരി
35. പാനുണ്ട ശിവ
36. അണ്ടലൂർകാവ്
37. തൃക്കൈ ശിവ(തലശ്ശേരി)
38. പരിമഠം ദുർഗ്ഗ
39. തൃപ്പാനിക്കുന്ന് മഹാദേവ (അർജ്ജുനൻ) എരമം
40. പയ്യാവൂർശിവ(അർജ്ജുന)
41. വയത്തൂർ കാളിയാർകാവ് (അർജ്ജുന)
42. പേരളംപുത്തൂർ(ബുധൻ)
43. മുണ്ടേരിയപ്പൻ(വ്യാസൻ)
44. രാജരാജേശ്വരം (മുചുകുന്ദനും മാന്ധാതാവും)
45. മൊറാഴ ശിവ(മുചുകുന്ദ)
46. പടപ്പേക്കാട്ട് സോമേശ്വരി (ശതസോമ)
47. അരങ്കം മഹാദേവ(സമുദ്രഗുപ്തകാലം)
48. നാരായണകണ്ണരു (ഹനുമാനും ശ്രീരാമനും)
49. കരിവെള്ളൂർ മഹാശിവ(കപില)
50. കാങ്കോൽ ശിവ(കപില)
51. പെരളശ്ശേരി സുബ്രഹ്മണ്യ (രാമ)
52. മക്രേരി സുബ്രഹ്മണ്യ(ഹനുമാൻ)
53. കാഞ്ഞിലേരി വിഷ്ണു (അഗസ്ത്യ)
54. പിണറായി പാർവ്വതീരാമേശ്വര
55. കതിരൂർ സൂര്യനാരായണ
56. ചൊവ്വ ശിവ(കണ്വ)
57. തൊട്ടിക്കളം ശിവ (ഹരിശ്ചന്ദ്ര)
58. മട്ടന്നൂർ ദക്ഷിണാമൂർത്തി (ഖര)
59. തിരുവങ്ങാട്,വടക്കേടം,കിഴക്കേടം, രാമക്ഷേത്രം (നീലനും ശ്വേതനും)
60. മാടായി
61. വടേശ്വരം
62. കടലായി
63. മേൽത്തളി
64. കുറ്റ്യാട്ടൂർ